**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2180** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരുവള്ളൂർ സി. എച്ച്. സി. യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണപ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നത് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ സി. എച്ച്. സി. യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ 55% (Foundation work, Pre-Engineering Structural work) നിർമ്മാണ പ്രവർത്തികളാണ് നിലവിൽപൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ ബാലൻസ് വർക്കുകൾ കിഫ്ബി മുഖാന്തിരം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിർമ്മാണ ചുമതലയുണ്ടായിരുന്ന കരാർ ഏജൻസിയിൽ നിന്ന് മറ്റൊരു ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത പ്രോജക്ടിന് കാലതാമസം നേരിട്ടതിനാൽ; നിർമ്മാണ ഏജൻസിയായTDLCCS നെ പ്രസ്തുത പ്രോജക്ടിൽ നിന്നും റിസ്ക് ആൻറ് കോസ്റ്റ് (Risk & Cost) ൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്.<br><br>ഐസൊലേഷൻ വാർഡിന്റെ ബാലൻസ് വർക്കുകൾ കിഫ്ബി മുഖാന്തിരം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായ നിലയിൽ തുടരുന്ന സാഹചര്യത്തിൽ നിർമ്മാണ സാമഗ്രികൾ മഴയും വെയിലും ഏറ്റ് ഗുണനിലവാരം നഷ്ടപ്പെട്ടത് സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പെരുവള്ളൂർ സി. എച്ച്.സി യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി തുടരുന്ന സാഹചര്യം കണക്കിലെടുത്ത് ടി നിർമ്മാണ സാമഗ്രികൾക്കു പകരം പുതിയ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ആയത് കിഫ്ബി മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (ഡി) | ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യയ്ക്ക് പകരം കോൺക്രീറ്റ് കെട്ടിടം നിർമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ | (ഡി) | ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യയ്ക്ക് പകരം കോൺക്രീറ്റ് കെട്ടിടം നിർമിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പകർപ്പുകളും ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ